**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4732 — 22.03.2018 ൽ മറുപടിക്ക്

## തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായ മേഖലകൾ

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി

(എ) തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായ മേഖലകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ?

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) വ്യവസായവത്കരണത്തിന്റെ ആരംഭം മുതൽ പരമ്പരാഗത വ്യവസായങ്ങൾ പ്രതിസന്ധികൾ നേരിടാൻ ആരംഭിച്ചിരുന്നു. യന്ത്രസാമഗ്രികളോടും ഉയർന്ന മൂലധന നിക്ഷേപങ്ങളോടും മത്സരിക്കേണ്ട അവസ്ഥയാണ് പരമ്പരാഗത വ്യവസായ മേഖലകൾക്കുള്ളത്. പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു.

അന്യസംസ്ഥാനങ്ങളിലെ കുറഞ്ഞവിലയുള്ള കൈത്തറി ഉൽപ്പന്നങ്ങളുടെ ലഭ്യത, യന്ത്രത്തറി ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലകൂടുതലും അവയുടെ ലഭ്യത കുറവും, പവർ ലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലകൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജതുണികൾ വിപണിയിൽ എത്തുന്നത് തുടങ്ങിയവ പരമ്പരാഗത കൈത്തറി മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. ഒരു വീട്ടിൽ ഒരു തറി പദ്ധതിയിലൂടെ കൈത്തറി മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നത് ലക്ഷ്യമിടുന്നു. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഹാന്റ് ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപാദന ശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന

പദ്ധതി നടപ്പിലാക്കുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കുറഞ്ഞ വേതനം, ഉല്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപര്യാപ്തത എന്നീ കാരണങ്ങളാൽ പ്രതിസന്ധിയിലായ കരകൗശല, ഈറ്റ പനമ്പ് നെയ്ത്ത് മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ കുറഞ്ഞകൂലി, പരമ്പരാഗത രീതിയിൽ തൊഴിൽചെയ്യുന്നതിനുള്ള അദ്ധ്വാനഭാരം, സാങ്കേതിക വിദഗ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിന് കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർമേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതകുറവാണ്. ചകിരി ഉത്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വിലവ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ